ഖുത്വ്ബ നമ്പർ
03
20-01-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز**

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# ഇരുലോക രക്ഷക്കായുള്ള വാഗ്ദത്ത മസീഹിന്റെ ഉപദേശങ്ങൾ

يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَيُسَارِعُونَ فِي الْخَيْرَاتِ وَأُولَٰئِكَ مِنَ الصَّالِحِينَ ـ وَمَا يَفْعَلُوا مِنْ خَيْرٍ فَلَن يُكْفَرُوهُ ۗ وَاللَّهُ عَلِيمٌ بِالْمُتَّقِينَ

ഈ ആയത്തുകളുടെ തർജ്ജുമ ഇപ്രകാരമാണ്. അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും സൽകർമ്മങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്വൃത്തരിൽപെട്ടവരുമാകുന്നു. അവർ ഏതു നല്ലകാര്യം പ്രവർത്തിച്ചാലും അവരോട് അതിനെ സംബന്ധിച്ച് അവഗണന കാണിക്കപ്പെടുകയില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ച് നല്ലവണ്ണം അറിവുള്ളവനാണ്.

വിശ്വാസികളുടെ ഗുണങ്ങളായ നല്ലകാര്യങ്ങൾ ഉപദേശിക്കുക, നിഷിദ്ധകാര്യങ്ങളിൽനിന്നും വിലക്കുക, സ്വയം നന്നാവുന്നതിനും നന്മയിൽ മുന്നേറുന്നതിനും പരസ്പരം മത്സരിക്കുക, എന്നീ കാര്യങ്ങളാണ് ഞാൻ ഓതിയ ആദ്യ ആയത്തിൽ പറയുന്നത്. സൂറാ ആലുഇംറാനിലെ ആയത്താണിത്. ഈ കാര്യങ്ങൾ ഈ സൂറത്തിൽ മറ്റു സ്ഥലങ്ങളിലും ആവർത്തിക്കപ്പെട്ടിരിക്കുന്നു. ഈ കാര്യങ്ങളാണ് മനുഷ്യനെ സ്വാലിഹീങ്ങളിൽ ഉൾപ്പെടുത്തുന്നത്. ഈ കാര്യങ്ങൾ വിശ്വാസത്തിലുള്ള ദൃഢത കാണിക്കുന്നതാണ്. വിജയത്തിലേക്കും ഉയർച്ചയിലേക്കും ചെന്നെത്തിക്കുന്നതും ഇവ്വിധ കാര്യങ്ങളാണ്. കാരണം അല്ലാഹുതആലാ താൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രവർത്തനങ്ങൾ പാഴാക്കിക്കളയുകയില്ല. അതുകൊണ്ട് സത്പ്രവർത്തികൾ ചെയ്യുന്നവർക്കും നന്മകൾ വ്യാപിപ്പിക്കുന്നവർക്കും നന്മയിൽ മുന്നേറുന്നവർക്കും പ്രത്യേക അനുഗ്രഹങ്ങൾ അല്ലാഹു നൽകുന്നതാണ്. എന്നാൽ ഞാൻ ഓതിയ രണ്ടാമത്തെ ആയത്തിൽ അല്ലാഹുതആല പറയുന്നു. ഞാൻ അലീം ആണ്. അതേപോലെ ആലിമുൽ ഗൈബി വശ്ശഹാദയാണ്. പരോക്ഷജ്ഞാനം എനിക്കുണ്ട് ; പ്രത്യക്ഷജ്ഞാനവുമുണ്ട്. നിങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തിയും ഞാൻ അറിയുന്നു. അതിന്റെ പിന്നിലെ ഉദ്ദേശ്യം എന്താണെന്ന് എനിക്കറിയാം. തഖ്വയിൽ പദമൂന്നിക്കൊണ്ടാണ് ഈ പ്രവർത്തനമെങ്കിൽ തീർച്ചയായും അല്ലാഹുതആലാ തന്റെ കാരുണ്യത്തിന്റെ തണലിൽ നിങ്ങളെ വെക്കുന്നതാണ്.

ഈ കലുഷിതമായ കാലത്ത് വാഗ്ദത്ത മസീഹിനെയും മഹ്ദിയെയും അയച്ചു എന്നത് അല്ലാഹു നമ്മോട് ചെയ്തിരിക്കുന്ന വലിയ ഔദാര്യമാണ്. കാലഘട്ടത്തിന്റെ ഇമാമിനെ അവൻ അയച്ചു. അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ട് അല്ലാഹു പറഞ്ഞ മാർഗ്ഗത്തിലൂടെ ചരിക്കുമെന്നും, നമ്മുടെ വിശ്വാസത്തെ ആ മഹാത്മാവ് പറഞ്ഞ ഉത്തുംഗസ്ഥാനത്ത് എത്തിക്കുന്നതാണെന്നും അദ്ദേഹത്തോട് പ്രതിജ്ഞചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകിയിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ മാർഗ്ഗങ്ങൾ അദ്ദേഹം വിശദീകരിച്ചത്.

ഹ: മസീഹ് മൗഊദ്(അ) പറയുന്നു: നാവിനെ അല്ലാഹുവിന്റെ പ്രീതിക്കെതിരായി സംസാരിക്കുന്നതിൽ നിന്നും തടയേണ്ടത് നിർബന്ധമായതുപോലെത്തന്നെ നേരായ കാര്യങ്ങൾ വെളിപ്പെടുത്തുന്നതിനായി അത് തുറക്കേണ്ടതും നിർബന്ധമാണ്.

وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ

എന്നത് വിശ്വാസിയുടെ ലക്ഷണമാണ്. നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുന്നതിനുമുമ്പ് താൻ അങ്ങനെ ചെയ്യുന്നുണ്ടെന്നും ആഗുണം തന്നിലുണ്ടെന്നും പ്രവർത്തനരൂപത്തിൽ ഒരു വിശ്വാസി കാണിക്കേണ്ടിയിരിക്കുന്നു. പറയുന്ന കാര്യങ്ങൾ എന്നിലുണ്ടെന്ന് പ്രവർത്തിച്ചുകാണിച്ചുകൊടുക്കേണ്ടതാണ്. നമ്മുടെ വാക്കുകൾ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്നതിനുമുമ്പേ നമ്മുടെ ജീവിതരീതി സ്വാധീനം ചെലുത്തുന്നതാക്കി മാറ്റേണ്ടതും അനിവാര്യമാണ്. അതുകൊണ്ട് നാവിനെ നന്മ കൽപ്പിക്കുന്നതിൽനിന്നും തിന്മയെ തടയുന്നതിൽനിന്നും ഒരിക്കലും തടയരുത്. എന്നാൽ സാഹചര്യവും സന്ദർഭവും നോക്കി സംസാരിക്കേണ്ടതാണ്. അതേപോലെ സംസാരശൈലി മൃദുലവും മയത്തിലുമായിരിക്കണം. തഖ്വക്കു വിരുദ്ധമായി നാവിനെ ചലിപ്പിക്കുക എന്നതും വലിയ പാപം തന്നെയാണ്.

ഹ: മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചതിനുശേഷം നമ്മുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുന്നു. നമ്മുടെ ഓരോ വാക്കും പ്രവർത്തിയും നന്മ വിതറുന്നതും തിന്മ തടയുന്നതുമായിരിക്കണം. അതല്ലാതെ നാം ഹ: മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വന്നതിന് ഒരു പ്രസക്തിയും ഉണ്ടായിരിക്കില്ല. ഇങ്ങനെയല്ലെങ്കിൽ ഇത് തിരിച്ച് അല്ലാഹുവിന്റെ കോപത്തിനു കാരണമായി വന്നേക്കാം. കാരണം നാം ഒരു കരാർ ചെയ്തു അത് പൂർത്തിയാക്കാത്തവരായിത്തീരുന്നതാണ്.

ഹ: മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ പലവുരു പറഞ്ഞിട്ടുള്ള ഒരു കാര്യമാണിത്. എത്രകണ്ട് സാമീപ്യം ഒരാൾ കരസ്ഥമാക്കുന്നുവോ അത്രകണ്ട് അവർ പിടിക്കപ്പെടാനും സാധ്യതയുണ്ട്. അകലെയുള്ളവർ പിടിക്കപ്പെടുകയില്ല. എന്നാൽ നിങ്ങൾ പിടിക്കപ്പെട്ടേക്കാം. നിങ്ങൾക്കും അവർക്കുമിടയിൽ വിശ്വാസപരമായ വർദ്ധനവൊന്നുമില്ലെങ്കിൽ നിങ്ങളും അവരും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്. അതുകൊണ്ട് കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിച്ചു എന്നതിൽ മാത്രം നാം സന്തുഷ്ടരാകരുത്. മുമ്പത്തെക്കാളുപരി നാം നമ്മുടെ അവസ്ഥ പരിശോധിക്കേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ ഹ: മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നിങ്ങൾ പിടിക്കപ്പെടുന്നതാണ്.

നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. അതുകൊണ്ട് നമ്മുടെ ഇസ്ലാഹിന്റെ കാര്യത്തിൽ നാം കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മതപരമായ അറിവ് കരസ്ഥമാക്കി എന്നത് ആരെയും ശിക്ഷയിൽനിന്ന് രക്ഷിക്കുകയില്ല. അതനുസരിച്ച് അവന്റെ പ്രവർത്തനം ഉണ്ടായിരിക്കണം. ജമാഅത്തിന്റെ ഏതെങ്കിലും സ്ഥാനത്ത് അവരോധിക്കപ്പെടുക എന്നതും, ഏതെങ്കിലും പദവി ലഭിക്കുക എന്നതും, അല്ലാഹുവിന്റെ കൽപനപ്രകാരം ആ വ്യക്തിയുടെ പ്രവർത്തനമില്ലെങ്കിൽ ശിക്ഷയിൽനിന്ന് അവനെ രക്ഷിക്കുന്നതല്ല. ഏതെങ്കിലും തറവാട്ടിൽ പിറന്നവനാണെന്നതോ, ഭക്തരെ സേവിക്കലോ, അവരുടെ നിലവാരമനുസരിച്ച് അല്ലാഹുവിന്റെ കൽപനപ്രകാരം പ്രവർത്തനമില്ലെങ്കിൽ അവനെ ശിക്ഷയിൽനിന്നും രക്ഷപ്പെടുത്തുന്നതല്ല.

മറ്റൊരു സ്ഥലത്ത് ഹ: മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബൈഅത്ത് ചെയ്തു എന്നതുകൊണ്ട് എന്റെ അനുയായികൾക്ക് ലഭിക്കുമെന്ന് പറഞ്ഞ അനുഗ്രഹങ്ങൾക്കവകാശികളായിത്തീരില്ല. പറയുന്നു. ഓർക്കുക! അല്ലാഹുവിന് പ്രിയരായവർ മോഡിയുള്ള വസ്ത്രം ധരിക്കുന്നവരോ ധനവാന്മാരോ സുഖാഢംബരങ്ങളിൽ കഴിയുന്നവരോ അല്ല. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാണ് അല്ലാഹുവിന്റെ പ്രിയർ. അവർ പൂർണ്ണമായും അല്ലാഹുവിന്റേതായിത്തീരുന്നു. പറയുന്നു: അല്ലാഹു പറഞ്ഞ വാഗ്ദാനങ്ങളിൽ ഒന്ന്.

وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ الَّذِيْنَ كَفَرُوْٓا اِلٰى يَوْمِ الْقِيٰمَةِ

എന്നതുമാണ. നിന്നെ പിൻപറ്റുന്നവർക്ക് നിഷേധികളുടെമേൽ ഖിയാമത്ത്നാൾ വരെ വിജയം നൽകുന്നതാണ്. എന്റെ അനുയായികൾക്ക് എന്റെ എതിരാളികൾക്കും നിഷേധികൾക്കും മേൽ വിജയം നൽകും എന്നത് ശരിതന്നെയാണ്. എന്നാൽ ചിന്തനീയമായ കാര്യം ഇതാണ്. എന്റെ കയ്യിൽ ബൈഅത്ത് ചെയ്തു എന്നതുകൊണ്ട് ആരും എന്റെ അനുയായിവൃന്ദത്തിൽ ഉൾപ്പെടുകയില്ല. തങ്ങളിൽ അനുസരണത്തിന്റെ സമ്പൂർണ്ണമായ അവസ്ഥ ഉണ്ടാക്കിയെടുക്കാത്തിടത്തോളം അവർ അനുയായികളിൽ ഉൾപ്പെടുന്നതല്ല. അതുകൊണ്ട് നമുക്ക് ഇക്കാര്യത്തിൽ കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു. അല്ലാഹുതആലാ വിശ്വാസിയുടെ ഗുണമായി പറഞ്ഞത് يَاْمُرُوْنَ بِالْمَعْرُوْفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَيُسَارِعُوْنَ فِي الْخَيْرٰتِ എന്നതാണ്. തിരുനബി(സ.അ) യുടെ യഥാർത്ഥ പ്രേമിയായ ഹ: മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ ഈ ഗുണങ്ങൾ നമ്മിൽ ഉണ്ടായിത്തീരുകയുള്ളു. അദ്ദേഹത്തിന് നമ്മിലുള്ള പ്രതീക്ഷക്കനുസരിച്ച് നാം ഉയരാൻവേണ്ടി പരിശ്രമിക്കേണ്ടതാണ്.

ഞാൻ ഹ: മസീഹ് മൗഊദ്(അ)ന്റെ ചില ഉപദേശങ്ങൾ കേൾപ്പിക്കുകയാണ്. അവ നമ്മുടെ ദീനീപരവും ധാർമികപരവുമായ ഇസ്ലാഹിനു ഉതകുന്നതാണ്. മാത്രമല്ല, ഭൗതിക വിജയത്തിനും ഇത് അനുപേക്ഷണീയമാണ്. മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ വാക്കുകൾ സശ്രദ്ധം കേട്ട് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ നമുക്ക് അദ്ദേഹത്തിന്റെ യഥാർത്ഥ അനുയായിയാണെന്ന് പറയാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇക്കാലത്ത് ഹ: മസീഹ് മൗഊദ്(അ)ൽ അർപ്പിതമായിരിക്കുന്ന ഒരു ബൃഹത്തായ ജോലി ഇസ്ലാമിന്റെ സന്ദേശം ലോകത്തിന്റെ നാനാദിക്കുകളിലും എത്തിക്കുക എന്നതാണ്. അദ്ദേഹത്തെ അംഗീകരിക്കുന്നവരുടെയും പ്രവർത്തി ഇതുതന്നെയാണ്. എന്നാൽ ഇതിനുവേണ്ടി നാം മാതൃകകളായിത്തീരേണ്ടതാണ്. ഇക്കാര്യം ഹ: മസീഹ് മൗഊദ് (അ)പറഞ്ഞത് ഞാൻ നേരത്തെ കേൾപ്പിക്കുകയുണ്ടായി. മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്ന അവസ്ഥ നിങ്ങൾ ആദ്യം കൈവരിക്കുക. എന്നാൽ മാത്രമെ മറ്റുള്ളവരെ നിങ്ങളുടെ വാക്കും സ്വാധീനിക്കുകയുള്ളു.

ഹ: മസീഹ് മൗഊദ്(അ) നമ്മുടെ വാക്കും പ്രവർത്തിയും ശ്രദ്ധിക്കേണ്ടതിനെക്കുറിച്ച് ഉണർത്തിക്കൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: വെറും വാക്കുകസർത്തും പ്രകടനാത്മകതയും മാത്രമാണെങ്കിൽ മറ്റുള്ളവരും നാമും തമ്മിൽ എന്താണ് വ്യത്യാസമുള്ളത്. എന്ത് മഹത്വമാണ് മറ്റുള്ളവരുടെ മേൽ നമുക്കുണ്ടാവുക. നിങ്ങൾ നിങ്ങളുടെ ജീവിതരീതി ശരിയാക്കുക. മറ്റുള്ളവർ സ്വീകരിക്കുന്നരീതിയിലുള്ള ഒരു തിളക്കം നിങ്ങളുടെ പ്രവർത്തനങ്ങളിലുണ്ടാകട്ടെ. അതിൽ ഒരുതിളക്കം ഇല്ലാത്തിടത്തോളംകാലം ആരുംതന്നെ സ്വീകരിക്കുന്നതല്ല. (ഇത് നമ്മുടെ ആത്മാവിന്റെ ബാഹ്യവും ആന്തരികവുമായ തിളക്കവുമാണ് സൂചിപ്പിക്കുന്നത്. ഇത് നമ്മുടെ ജീവിതത്തിൽ നാം പ്രകടിപ്പിക്കേണ്ടതാണ്. അപ്പോൾ മാത്രമെ ബൈഅത്തിന്റെ കരാർ പാലിക്കുന്നവരായി നാം മാറുകയുള്ളൂ. അദ്ദേഹത്തിന് ചെയ്ത ബൈഅത്ത് യാഥാർത്ഥ്യമാകുകയുള്ളൂ.

ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു. നാം വെറും വാചകസർത്തു മാത്രം നടത്തുകയാണെങ്കിൽ അതുകൊണ്ട് ഒരു നേട്ടവുമില്ലെന്നത് ഓർത്തുവെക്കുക. വിജയത്തിനാവശ്യം തഖ്‌വയാണ്. വിജയം ആഗ്രഹിക്കുന്നുണ്ടെങ്കിൽ മുത്തഖിയായിത്തീരുക.

പറയുന്നു: അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്വത്തെ മനസ്സിൽ ഓർത്തുകൊണ്ട് എപ്പോഴും ഭയന്നിരിക്കുക. അല്ലാഹുവിന്റെ ഭയം മനസ്സിൽ ഉണ്ടായിരിക്കണം. അവനോടുള്ള സ്നേഹവും ഭയവും മനസ്സിൽ ഉണ്ടാക്കുക. പറയുന്നു: എല്ലാവരും അല്ലാഹുവിന്റെ ദാസരാണ്. ആരോടും അക്രമം പ്രവർത്തിക്കരുത്. ആരോടും കാഠിന്യം അരുത്. നിന്ദാദൃഷ്ടിയോടെ ആരെയും നോക്കരുത്. ജമാഅത്തിൽ ഒരാൾ ചീത്തയായാൽ അയാൾ എല്ലാവരെയും ചീത്തയാക്കുന്നതാണ്. കോപിക്കുന്നതിലേക്ക് നിങ്ങളുടെ പ്രകൃതി ചായുന്നുണ്ടെങ്കിൽ (പെട്ടെന്ന് കോപം വരുന്നുണ്ടെങ്കിൽ) നിങ്ങൾ ഒരാത്മപരിശോധന നടത്തുക. ഈ കോപത്തിന്റെ പ്രകൃതം ഏത് ഉറവിടത്തിൽ നിന്നാണ് നിർഗളിച്ചത് എന്ന പരിശോധന നടത്തുക. കോപത്തിനുള്ളകാരണമെന്ത്? ഈ അവസ്ഥ വളരെ സൂക്ഷ്മമായതാണ്.

കോപം മനുഷ്യ പ്രകൃതിയിലുള്ളതാണ്. എന്നാൽ കോപാന്ധനായിമാറുന്ന അവസ്ഥ പാടില്ല. കോപം വരുന്നെങ്കിൽതന്നെ ഇസ്ലാഹ് വരുത്താനായി മാത്രം അത് പ്രകടമാകേണ്ടതാണ്.

ഒരു സ്ഥലത്ത് പറയുന്നു: ഓരോരുത്തരോടും നല്ലരീതിയിൽ വർത്തിക്കുക. കുടുംബാംഗങ്ങൾക്കും അവരുടെതായ അവകാശങ്ങളുണ്ട്. അവരോടും നല്ലരീതിയിൽ പെരുമാറേണ്ടതാണ്. അല്ലാഹുവിന്റെ ഇഷ്ടത്തിന് വിരുദ്ധമായ കാര്യങ്ങളാണെങ്കിൽ അവരിൽനിന്നും വിട്ടുനിൽക്കേണ്ടതാണ്.

അല്ലാഹുവിന്റെ ഭയം ആരിലെല്ലാമാണുള്ളതെന്നും അതിന്റെ നിലവാരം ഏതുതരത്തിലായിരിക്കണം എന്നതിനെ കുറിച്ചും വിശദീകരിച്ചുകൊണ്ട് പറയുന്നു: അല്ലാഹുവിന്റെ ഭയം എന്നത് മനുഷ്യന്റെ വാക്കും പ്രവർത്തിയും എത്രമാത്രം യോജിക്കുന്നുണ്ട് എന്ന് നോക്കുന്നതിലാണുള്ളത്. അവന്റെ വാക്കും പ്രവർത്തിയും താദാത്മ്യം പുലർത്തുന്നില്ലെങ്കിൽ അവൻ ദൈവകോപത്തിന് പാത്രമായിത്തീരും എന്ന് മനസ്സിലാക്കുക. ഹൃദയം അവിശുദ്ധമാണെങ്കിൽ വാക്ക് എത്രതന്നെ പാവനമായാലും അല്ലാഹുവിന്റെ മുമ്പിൽ ആ ഹൃദയത്തിന് ഒരു വിലയുമില്ല. അവിടെ അല്ലാഹുവിന്റെ കോപമാണ് ആളിക്കത്തുക. അതുകൊണ്ട് എന്റെ ജമാഅത്ത് ഒരു കാര്യം മനസ്സിലാക്കിയിരിക്കണം. അവർ എന്റെ അടുത്ത് വന്നിരിക്കുന്നത് ഒരു ബീജാവാപം ചെയ്യുവാനാണ്. അതിനാൽ തന്റെ ഉള്ളകം ഏതവസ്ഥയിലാണെന്ന് ഓരോരുത്തരും ഒന്ന് വിലയിരുത്തുക. അവന്റെ ബാഹ്യവും എങ്ങനെയാണെന്ന് നോക്കുക. നമ്മുടെ ജമാഅത്തിലുള്ളവരും പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണെങ്കിൽ

– അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ – അവരുടെ പര്യവസാനം ശുഭമായിരിക്കില്ല. പറയുന്നു: ഹൃദയം ശൂന്യവും എന്നാൽ വാചകക്കസർത്തും നിറഞ്ഞ ഒരു ജമാഅത്തിനെ അല്ലാഹു കാണുമ്പോൾ അവൻ സ്വയാശ്രയനാണ്, അവൻ ആരെയും വകവെക്കാറില്ല. പറയുന്നു: ബദ്റ് യുദ്ധം വിജയിക്കുമെന്ന പ്രവചനം ഉണ്ടായിരുന്നു. നാനാഭാഗത്തും വിജയപ്രതീക്ഷയുമുണ്ടായിരുന്നു. എന്നിട്ടുപോലും തിരുനബി കരഞ്ഞുകൊണ്ട് പ്രാർത്ഥന ചെയ്തുകൊണ്ടേ ഇരുന്നു. ഹ. അബൂബക്കർ സിദ്ദീഖ്(റ) അത് കണ്ട് ചോദിച്ചു: നാനാഭാഗത്തു നിന്നും വിജയവാഗ്ദാനമുള്ളപ്പോൾ എന്തിനാണ് ഈ തേങ്ങലടിച്ചുള്ള പ്രാർത്ഥന? തിരുനബി അരുളി: അല്ലാഹു ഗനിയാണ്; സ്വയാശ്രയനാണ്. ഒരുപക്ഷെ ദൈവിക വാഗ്ദാനത്തിൽ വല്ല നിഗൂഢ നിബന്ധനകളുണ്ടായിക്കൂടെന്നില്ല.

തിരുനബി ÷ യോട് വിജയത്തിന്റെ വാഗ്ദാനം അല്ലാഹു നൽകിയിരുന്നു. എന്നിട്ടും ബദ്ർ യുദ്ധാവസരത്തിൽ കരഞ്ഞു കരഞ്ഞുകൊണ്ട് തിരുനബി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഹദീസിൽ വരുന്നു. തോളിലെ ശാൾ ഇളകി വീണുകൊണ്ടിരുന്നു. വാഗ്ദാനത്തിനുപിന്നിൽ നാം പൂർത്തീകരിക്കാത്ത വല്ല നിഗൂഢ നിബന്ധനയുമുണ്ടോ എന്ന് ചിന്തിച്ചുകൊണ്ടായിരുന്നു പ്രാർത്ഥന. തിരുനബി ÷ യോടുപോലും വിജയത്തിന്നായി നിഗൂഢ നിബന്ധനകളുണ്ടെങ്കിൽ ഈ നിബന്ധന ഇല്ലാത്തവർ മറ്റാരാണുണ്ടാകുക. അല്ലാഹുവിന്റെ ഇംഗിതമെന്താണെന്ന് ആർക്കും അറിയില്ല. അതുകൊണ്ട് അതും പരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

പറയുന്നു: തഖ്‌വ സ്വായത്തമാക്കുന്നവർ തങ്ങളുടെ ജീവിതം പരദേശിയേയും നിരാലംബരേയും പോലെ കഴിച്ചുകൂട്ടേണ്ടതാണ്. ഇതും തഖ്‌വയുടെ ഒരു ശാഖയാണ്. ഇതുമുഖേന അനുചിതമായ കോപത്തെ നമുക്ക് നേരിടേണ്ടിയിരിക്കുന്നു. വലിയ വലിയ ദൈവജ്ഞാനികൾക്കും സിദ്ദീഖുകൾക്കും അവസാനം വരെ കടന്നു പറ്റേണ്ട കടമ്പയാണ് കോപത്തിൽനിന്നും രക്ഷപ്പെടുക എന്നത്. കോപത്തിൽ നിന്നും രക്ഷപ്പെടുക എന്നത് അനിവാര്യമായ കാര്യമാണ്. അഹങ്കാരവും പൊങ്ങച്ചവും എല്ലാം കോപംമൂലമാണ് ഉണ്ടാകുന്നത്. ചിലപ്പോൾ അഹങ്കാരവും പൊങ്ങച്ചവും കോപത്തിന് കാരണമാകുകയും ചെയ്യുന്നു. ചിലപ്പോൾ കോപം കാരണം അഹങ്കാരവും പൊങ്ങച്ചവും വരുന്നു. എന്നാൽ പൊങ്ങച്ചവും അഹങ്കാരവും ഉള്ളതുകൊണ്ട് കോപം വരികയും ചെയ്യുന്നു.

പറയുന്നു: കോപം വരുന്നത് മറ്റുള്ളവരേക്കാളും താൻ വലിയവനാണെന്ന് കരുതുമ്പോഴാണ്. എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ചെറിയവരും വലിയവരുമായി കാണുന്നത് എനിക്കിഷ്ടമല്ല. അതല്ലെങ്കിൽ ഒരാൾ മറ്റൊരാളെ തുറിച്ച് നോക്കുക എന്നതും അതുമല്ലെങ്കിൽ നിന്ദ്യാദൃഷ്ടിയോടെ നോക്കുക എന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല. വലിയവനാരെന്നും ചെറിയവനാരെന്നും അല്ലാഹുവിന്നറിയാം. ഇത് ഒരു തരത്തിലുള്ള അവഹേളനമാണ്. അതിൽ ഒരുതരം നിന്ദ്യത ഒളിഞ്ഞിരിക്കുന്നു. ഈ അവഹേളനം വിത്തുപോലെ മുളച്ച്‌വലുതായി അവനെ നശിപ്പിച്ചുകളയുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

ചിലർ വലിയ ആളുകളെ കണ്ടാൽ വളരെ ഭവ്യത പ്രകടിപ്പിക്കുന്നു. പാവങ്ങളുടെ വാക്കുകൾ എളിമയോടെ കേൾക്കുന്നവനാണ് വലിയവൻ. അവന് ആത്മവീര്യം പകർന്നുകൊടുക്കുകയും അവനെ ആദരിക്കുകയും ചെയ്യുന്നവനും വിശമമുണ്ടാകുന്ന ഒരു വാക്കും തന്നെ ഉരിയാടാതിരിക്കുന്നവനും വലിയവൻതന്നെ. അല്ലാഹു പറയുന്നു;

وَلَا تَنَابَزُوا بِالْأَلْقَابِ ط بِئْسَ الِاسْمُ الْفُسُوقُ بَعْدَ
الْإِيمَانِ ج وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ ﴿١٢﴾

നിങ്ങൾ മറ്റുള്ളവരെ ചീത്തപേരുകൊണ്ട് വിളിക്കരുത്. വിശ്വാസത്തിനു ശേഷം ധിക്കാരത്തിന്റെ കറപുരളുക എന്നത് വളരെ മോശമായ കാര്യമാണ്. തൗബ ചെയ്യാത്തവർ തന്നെയാണ് ആക്രമികൾ.

പറയുന്നു: നിങ്ങൾ മറ്റുള്ളവരെ ദേഷ്യം പിടിപ്പിക്കുന്ന പേരുകൾ വിളിക്കരുത്. ഇത് ധിക്കാരികളുടെയും ദുഷ്ചരിതരുടെയും പ്രവർത്തിയാണ്. അല്ലാഹുവിനെ ധിക്കരിക്കുകയും പിശാചിനെ പിൻപറ്റുകയും ചെയ്യുന്നവരുടെ പ്രവർത്തിയാണിത്. ആരാണോ മറ്റൊരാളെ ശുംണ്ഡി പിടിപ്പിക്കുന്നത് ആ കാര്യത്തിൽ ഈ വ്യക്തി ഉൾപ്പെടാതെ അവൻ മരിക്കുന്നതല്ല. നിങ്ങളുടെ സഹോദരന്മാരെ വെറുക്കപ്പെട്ടവരായി കരുതരുത്. എല്ലാവരും തന്നെ ഒരേ ഉറവിടത്തിൽ നിന്നാണ് വെള്ളം കുടിക്കുന്നതെന്നിരിക്കെ ആർക്കാണ് കൂടുതൽ വെള്ളം കുടിക്കാൻ ഭാഗ്യം ലഭിക്കുക എന്നാർക്കറിയാം. ഭൗതിക കാര്യങ്ങളാലല്ല ഒരാൾ ആദരണീയനും ബഹുമാന്യനുമായിത്തീരുന്നത്. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാണ് ഏറ്റവും വലിയവൻ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ

സ്വച്ഛമായ ഉൾക്കാഴ്ചയും യഥാർത്ഥ ബുദ്ധിയും അല്ലാഹുവിലേക്ക് തിരിയാതെ ലഭിക്കുന്നതല്ല. (ബുദ്ധിയും വിവേകവുമെല്ലാം അല്ലാഹുവിലേക്ക് മടങ്ങാതെ ലഭിക്കില്ല.) ഇതുകൊണ്ടാണ് പറയപ്പെട്ടിരിക്കുന്നത് നിങ്ങൾ വിശ്വാസിയുടെ ഉൾക്കാഴ്ച്ചയെതൊട്ട് ഭയപ്പെടുക. കാരണം അവൻ ദൈവീക പ്രകാശത്താലാണ് നോക്കുന്നത്. സ്വച്ഛമായ ഉൾക്കാഴ്ചയും ബുദ്ധി കൂർമതയും ലഭിക്കുന്നത് തഖ്‌വ സ്വായത്തമാകുമ്പോഴാണ്.

നിങ്ങൾക്ക് വിജയിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ യുക്തി ഉപയോഗിക്കുക. ചിന്തിക്കുകയും ആലോചനയിൽ മുഴുകുകയും ചെയ്യുക. ചിന്തിക്കാനും ആലോചിക്കാനും വിശുദ്ധ ഖുർആൻ ആവർത്തിച്ച് പറയുന്നുണ്ട്. കിത്താബെ മക്നൂനിൽ അഥവാ വിശുദ്ധ ഖുർആനിൽ ചിന്തിക്കുക. പരിശുദ്ധരായിത്തീരുക. നിങ്ങളുടെ ഹൃദയം വിശുദ്ധമായിക്കഴിഞ്ഞാൽ, പവിത്രമായ ബുദ്ധി ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുകയും തഖ്‌വയുടെ മാർഗ്ഗം അവലംബിക്കുകയും ചെയ്യുകയാണെങ്കിൽ ഇവരണ്ടും മൂലം പിന്നീട് رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ എന്ന അവസ്ഥ കൈവരുന്നതാണ്. ഇത് നിങ്ങളുടെ ഹൃദയാന്തരങ്ങളിൽ നിന്ന് പുറപ്പെടുന്നതായിരിക്കും. അപ്പോഴാണ് ഈ സൃഷ്ടികളൊന്നും വ്യർഥമല്ല എന്ന് തിരിച്ചറിയുക. യഥാർത്ഥ സൃഷ്ടാവിന്റെ യാഥാർത്ഥ്യത്തിലേക്ക് ഇതെല്ലാം വെളിച്ചം വീശുന്നു എന്ന് മനസ്സിലാകും. മതത്തിന് ഫലം നൽകുന്ന വിവിധങ്ങളായ അറിവുകളും വിജ്ഞാനങ്ങളും വെളിപ്പെടുകയും ചെയ്യുന്നതാണ്. (അല്ലാഹു സൃഷ്ടിച്ചതൊന്നും വ്യർഥമല്ലെന്ന് ഹൃദയാന്തരാളങ്ങളിൽ നിന്ന് പുറപ്പെടുന്നതാണ്. അല്ലാഹു പരിശുദ്ധനാണെന്ന് മനസ്സിലാകും. തുടർന്ന് അല്ലാഹുവിനോട് അഗ്നിയുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നതിനായി ദുആ ചെയ്യുന്നതാണ്. ഈ ദുആ ഹൃദയത്തിൽ നിന്ന് പുറപ്പെടുമ്പോഴാണ് അല്ലാഹുവിന്റെ ഈ സൃഷ്ടിപ്പൊന്നും വ്യർഥമല്ലെന്ന് മനസ്സിലാക്കുക. ഓരോന്നിനും ഒരു ലക്ഷ്യമുണ്ട്. മനുഷ്യനാണെങ്കിൽ ഓരോ മനുഷ്യനും അവന്റേതായ ഒരു പദവിയുണ്ട്, സ്ഥാനമുണ്ട്. അവനെ ആദരിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിന്റെ ഓരോ സൃഷ്ടിക്കും ഒരു ലക്ഷ്യമുണ്ട്. അതിനെ മനസ്സിലാക്കാൻ ശ്രമിക്കണം. അപ്പോഴാണ് അല്ലാഹു വെറുതെ ഒന്നും സൃഷ്ടിച്ചിട്ടില്ലെന്ന് മനസ്സിലാകുക. തുടർന്ന് പറഞ്ഞത്, മതത്തിന് സഹായകമാകുന്ന വിവിധങ്ങളായ അറിവും വിജ്ഞാനവും ലഭിക്കുന്നതാണ്. നിങ്ങളുടെ ബുദ്ധി വികസിക്കുമ്പോൾ മതത്തിന് സഹായകമാകുന്ന ഭൗതികമായ പല വിജ്ഞാനങ്ങളും നിങ്ങൾക്ക് വെളിപ്പെടുന്നതാണ്. നന്മയിൽ മുന്നേറാനുള്ള ആത്മാവ് ഉണ്ടാകുന്നത് വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അത് ഗ്രഹിക്കാൻ ശ്രമിക്കുന്നതിനും പരിശ്രമിക്കുമ്പോഴാണ്. അതുകൊണ്ട് യഥാർത്ഥ വിശ്വാസിയായിത്തീരാനും യഥാർത്ഥ ബുദ്ധിയും വിവേകവും ലഭിച്ചവരിൽ ഉൾപ്പെടുകയും

ചെയ്യേണമെങ്കിൽ വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു. അറിവും ജ്ഞാനവും ഇതുമുഖേന വർദ്ധിക്കുന്നു.

മറ്റൊരു സ്ഥലത്ത് പറയുന്നു: ഇരുലോകത്തും വിജയം ലഭിക്കണമെന്നും ജനഹൃദയങ്ങളെ കീഴടക്കണമെന്നും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പരിശുദ്ധത കൈവരിക്കുക. യുക്തിബോധത്തോടെ പ്രവർത്തിക്കുക. അല്ലാഹുവിന്റെ വചനങ്ങളിലുള്ള നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുക. സ്വയം നന്നാക്കുക. മറ്റുള്ളവർക്ക് തന്റെ ഉന്നത ധാർമിക ഗുണങ്ങളുടെ മാതൃക കാണിക്കുക. അപ്പോഴായിരിക്കും വിജയിക്കുക. ഒരാൾ ഫാർസി കവിതയിൽ പറയുന്നു. ഹൃദയാന്തരാളങ്ങളിൽ നിന്നും പുറപ്പെടുന്ന കാര്യങ്ങൾ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. അതുകൊണ്ട് ആദ്യം ഹൃദയമാണ് ഉണ്ടാക്കിയെടുക്കേണ്ടത്. ഹൃദയങ്ങളെ സ്വാധീനിക്കണമെങ്കിൽ പ്രവർത്തന മാതൃക കാഴ്ചവെക്കുക. പ്രവർത്തനമില്ലാത്ത വാക്കുകളും മനുഷ്യകഴിവുകളും ഒരു ഗുണവും ചെയ്യില്ല. വാചകക്കസർത്ത് നടത്തുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. പലരും മൗലവിമാരും പണ്ഡിതരുമാണെന്ന് പറഞ്ഞ് മിമ്പറുകളിൽ കയറി തങ്ങളെക്കുറിച്ച് പ്രവാചക പ്രതിനിധികളും പ്രവാചക പിൻഗാമികളുമാണെന്ന് ധരിപ്പിച്ചുകൊണ്ട് ഉപദേശ പ്രസംഗങ്ങൾ നടത്തുന്നു. അവർ പറയുന്നത് അഹങ്കാരത്തിൽനിന്നും അഹംഭാവത്തിൽനിന്നും നീചപ്രവർത്തികളിൽനിന്നും വിട്ടുനിൽക്കുക എന്നതാണ്. എന്നാൽ അവരുടെ പ്രവർത്തനങ്ങളും അവർ ചെയ്യുന്ന വിക്രിയകളും കാരണം അവരുടെ വാക്കുകളുടെ സ്വാധീനം ഹൃദയങ്ങളിൽ ഉണ്ടാകുന്നില്ല.

ഹ. മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചവരിൽ ഈ മുല്ലാക്കളുടെ വാക്കുകൾ ഒരു സ്വാധീനവും ചെലുത്തുന്നില്ല. എന്നാൽ ഹ. മസീഹ് മൗഊദ്(അ)നെ അംഗീകരിക്കാത്തവർ അറിവും ബുദ്ധിയും ഉള്ളവരോട്, അൽപമെങ്കിലും മാന്യതയുള്ളവരോട് അവരുടെ പണ്ഡിതന്മാരെക്കുറിച്ച് ചോദിച്ചാൽ അവരും അവരെ പഴിക്കുന്നത് കാണാവുന്നതാണ്. അവർ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണെന്ന് പറയും. കുഴപ്പമല്ലാതെ ഇവിടെ മറ്റൊന്നും അവർ ഉണ്ടാക്കിയിട്ടില്ലെന്ന് പറയും. അതുകൊണ്ട് നമ്മുടെ വാക്കും പ്രവർത്തിയും ഒന്നായാൽ മാത്രമെ നമ്മുടെ തബ്ലീഗിനുള്ള മാർഗം തുറക്കപ്പെടുകയുള്ളൂ. മറ്റുള്ളവരെ സ്വാധീനിക്കാൻ സാധിക്കുകയും ചെയ്യുകയുള്ളൂ.

ആധുനിക വിജ്ഞാനം കരസ്ഥമാക്കുന്നതിനെക്കുറിച്ച് പറയുന്നു. ആധുനിക വൈജ്ഞാനിക മണ്ഡലങ്ങളെ എതിർക്കുന്ന പണ്ഡിതർ തെറ്റിലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അവർ തങ്ങളുടെ പോരായ്മകളും തെറ്റുകളും മറച്ചുവെക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. അവർ മനസ്സിലാക്കിയിരിക്കുന്നത്, ആധുനിക അറിവും ഗവേഷണവും മനുഷ്യനെ ഇസ്‌ലാമിൽനിന്നും അകറ്റിക്കളയും എന്നാണ്. ബുദ്ധിയും സയൻസും ഇസ്‌ലാമിന് തികച്ചും എതിരാണെന്ന് അവർ ഉറപ്പിച്ചിരിക്കുകയാണ്. ഭൗതിക തത്വശാസ്ത്രത്തിലുള്ള കുറവുകളെ എടുത്തുകാണിക്കാനുള്ള കഴിവ് ഇവർക്കില്ലാത്തതുകൊണ്ട് ഈ കഴിവുകേടിനെ മറച്ചുവെക്കുന്നതിനായിട്ടാണ് ആധുനിക അറിവ് കരസ്ഥമാക്കുന്നത് തന്നെ അനുവദനീയമല്ല എന്നവർ പറയുന്നത്. പുതിയ തത്വങ്ങൾ കേൾക്കുമ്പോൾ അവരുടെ ആത്മാവ് പേടിച്ച് വിറക്കുന്നു. ആധുനിക കണ്ടുപിടുത്തങ്ങളുടെ മുമ്പാകെ അവർ പ്രണമിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവിക വെളിപാടു മുഖേന ലഭിക്കുന്ന യഥാർത്ഥ തത്വജ്ഞാനം അവർക്ക് കരഗതമായിട്ടില്ല. ഭൗതികമായ തത്വശാസ്ത്രങ്ങൾക്ക് മറുപടി പറയാൻ അവർക്ക് കഴിയില്ല. ഭൗതിക തത്വശാസ്ത്രങ്ങളുടെ പോരായ്മകൾ എന്തെല്ലാമാണെന്ന് പറയാൻ അവർക്ക് അറിയാത്തതുകൊണ്ടാണ് പേടിച്ച് വിറക്കുന്നത്. അതുകൊണ്ട് അത് വായിക്കണ്ട, നോക്കണ്ട എന്നവർ പറയുന്നു. പറയുന്നു, ദൈവിക വെളിപാടു മുഖേന ലഭിക്കുന്ന യഥാർത്ഥ തത്വശാസ്ത്രം അവർക്ക് ലഭിച്ചിട്ടില്ല. അത് വിശുദ്ധഖുർആനിൽ കുത്തിനിറച്ചിരിക്കുന്നതായി കാണാവുന്നതാണ്. അല്ലാഹുവിന്റെ കവാടത്തിൽ പൂർണ്ണ വിനയത്തോടും താനൊന്നുമല്ലെന്നും കരുതി തങ്ങളെ സമർപ്പിക്കുന്നവർക്കാണ് ലഭിക്കുന്നത്. (അവർ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് അവനോട് സഹായം തേടുന്നവരാണ്) ഏതൊരുത്തരുടെ ഹൃദയത്തിൽ നിന്ന് അഹങ്കാരത്തിന്റെ ധൂമകേതുക്കൾ പുറത്തേക്ക് പോകുന്നുവോ, ആരാണോ തങ്ങളുടെ ബലഹീനതകളെ അംഗീകരിച്ചുകൊണ്ട് കരഞ്ഞു കരഞ്ഞുകൊണ്ട് യഥാർത്ഥ ദാസത്വം അംഗീകരിക്കുന്നത് അവർക്കാണ് ഈ വിജ്ഞാനം ലഭിക്കുന്നത്.

പറയുന്നു: അതുകൊണ്ട് ഇക്കാലത്ത് ദീനീ സേവനത്തിനായും അല്ലാഹുവിന്റെ വചനപ്രഘോഷണത്തിനായും ആധുനിക അറിവ് കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്. (ദീനിനെ പ്രചരിപ്പിക്കാൻ ഇക്കലത്ത് പ്രചരിക്കുന്ന അറിവ് കരസ്ഥമാക്കാനും) കഠിനാധ്വാനത്തോടെ കരസ്ഥമാക്കണം. സയൻസിൽ പുരോഗതി പ്രാപിക്കുക. ഗവേഷണത്തിൽ മുന്നേറുക. ഇക്കാലത്ത് അഹ്മദീ വിദ്യാർത്ഥികളോട് ഞാൻ ഈ രീതിയിൽ മുന്നേറാൻ എപ്പോഴും പറയാറുണ്ട്. ഇതും തബ്ലീഗിനുള്ള ഒരു മാർഗമാണ്. നന്മ പ്രചരിപ്പിക്കാനുള്ള ഒരു മാർഗവുമാണിത്. ആധുനിക അറിവ് കരസ്ഥമായിക്കഴിഞ്ഞാൽ പല മാർഗങ്ങളും തുറക്കപ്പെടുന്നു.

പറയുന്നു: ആധുനിക അറിവ് കഠിനാധ്വാനത്തോടെ കരസ്ഥമാക്കുക. എന്നാൽ മറ്റൊരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അറിവ് കരസ്ഥമാക്കുന്നതിൽ മാത്രം മുഴുകുന്നവർ, അവർക്ക് ആത്മീയജ്ഞാനം കരസ്ഥമാക്കിയവരുടെ അടുത്തിരിക്കാനുള്ള അവസരം തീരെ ലഭിക്കുകയും ചെയ്തിട്ടില്ലെങ്കിൽ, മാത്രമല്ല അവരിൽ ആത്മീയ പ്രകാശം ഇല്ലാത്തവരുമാണെങ്കിൽ പൊതുവിൽ അങ്ങനെയുള്ളവർ വഴി തെറ്റുകയും ഇസ്‌ലാമിൽനിന്ന് തന്നെ അകലുകയും ചെയ്തിട്ടുണ്ട്.(അറിവ് കരസ്ഥമാക്കുക, എന്നാൽ അതോടൊപ്പം വിശുദ്ധ ഖുർആന്റെ അറിവും കരസ്ഥമാക്കിയിരിക്കേണ്ടതാണ്. അപ്പോഴാണ് യഥാർത്ഥ മാർഗത്തിലൂടെ മുന്നോട്ട് പോകാൻ സാധിക്കുക. വിശുദ്ധ ഖുർആന്റെ അറിവുള്ളവരുമായി ബന്ധപ്പെടുക) പറയുന്നു. അവർ ഈ അറിവുകളെ ഇസ്‌ലാമിന്റെ കീഴിൽ കൊണ്ടുവരുന്നതിന് പകരം ഇസ്‌ലാമിനെ ഈ അറിവിന്റെ കീഴിൽ കൊണ്ടുവരാനുള്ള വിഫലശ്രമമാണ് നടത്തിയിട്ടുള്ളത്. അങ്ങനെ അവർ തങ്ങൾ ദീനിന്റെയും സമൂഹത്തിന്റെയും സേവനമാണ് ചെയ്യുന്നതെന്ന് തെറ്റിദ്ധരിച്ചു. എന്നാൽ ഒരുകാര്യം ഓർമ്മവെക്കുക. ദീനീസേവനം ചെയ്യാൻ കഴിയുന്നത് ആത്മീയ പ്രകാശം തന്റെ ഉള്ളിൽ സ്വായത്തമായിട്ടുള്ളവർക്ക് മാത്രമാണ്. (ഇക്കാലത്ത് ഈ പ്രകാശം ഹ. മസീഹ് മൗഊദ് (അ) മുഖേന നമുക്ക് ലഭിക്കുകയുണ്ടായി. അതുകൊണ്ട് വിശുദ്ധഖുർആന്റെ അറിവും വ്യാഖ്യാനവും മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതും അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ പഠിക്കേണ്ടതും വളരെ ആവശ്യമാണ്) അപ്പോഴാണ് സയൻസിനെ മതവിജ്ഞാനവുമായി താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങനെയാകുമ്പോൾ ഭൗതിക അറിവ് ദീനിനെ കീഴ്പ്പെടുത്തുന്ന അവസ്ഥയിലേക്ക് എത്തുന്നതല്ല. എപ്പോഴും ആത്മീയതയാണ് വിജയിച്ചുനിൽക്കുക. അങ്ങനെ മതവിജ്ഞാനം ഈ ആധുനിക ശാസ്ത്രീയ അറിവുകളെ തന്റെ കീഴിൽ ഒതുക്കുന്നതായിരിക്കും.

**സാബിറൂ വ റാബിത്തൂ** എന്നതിന് വിശദീകരണം നൽകിക്കൊണ്ട് പറയുന്നു: അതിർത്തികളെ സംരക്ഷിക്കുക എന്നതാണ് ഈ വചനങ്ങളുടെ അർത്ഥം. പറയുന്നു :- നിങ്ങൾ ക്ഷമയെക്കുറിച്ച് ഉപദേശിക്കുക. ശത്രുവിനെ നേരിടുമ്പോൾ അതിർത്തിയിൽ കാവൽസേനയെ, കുതിരപ്പടയെ നിർത്തുന്നത് അനിവാര്യമാണ്. കാരണം ശത്രു നുഴഞ്ഞുകയറരുത്. ഇതേപോലെ നിങ്ങളും

ഉണർന്നിരിക്കുക. (അതിർത്തി സംരക്ഷണത്തിനായി സൈന്യങ്ങളെ വിന്യസിപ്പിക്കാറുണ്ട്. ആദ്യകാലത്ത് കുതിരപ്പട യെയാണ് നിയമിക്കാറ്. ഇക്കാലത്ത് അത്യാധുനികമായ പല ഉപ കരണങ്ങളുമുണ്ട്. അതിർത്തി സംരക്ഷണത്തിനായി അതെല്ലാം ഉപയോഗിക്കേണ്ടത് നിർബന്ധമാണ്. പറയുന്നു: ശത്രുക്കൾ അതി രുകടക്കാതിരിക്കാൻ കുതിരപ്പടയെ നിയമിക്കേണ്ടതുപോലെ നിങ്ങളും ഉണർന്നിരിക്കണം. ശത്രുക്കൾ അതിക്രമിച്ച് കടന്ന് ഇസ്‌ലാമിന് നഷ്ടം വരുത്താൻ ഇടവരരുത്. ഞാൻ മുമ്പും വിവരിച്ചിട്ടുള്ളതാണ്; നിങ്ങൾക്ക് ഇസ്‌ലാമിനെ സേവിക്കണ മെന്നും സഹായിക്കണമെന്നും ആഗ്രഹമുണ്ടെങ്കിൽ ആദ്യം തഖ്‌വയും വിശുദ്ധിയും സ്വയം കൈവരിക്കുക. ഇതു മുഖേന നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിന്റെ കോട്ടമതിലിന്നകത്ത് വരുന്നതാണ്. അപ്പോഴാണ് ഈ സേവനത്തിനുള്ള സൗഭാഗ്യം നിങ്ങൾക്ക് ലഭിക്കുക. മുസ്‌ലിംങ്ങളുടെ ബാഹ്യശക്തി എന്തു മാത്രം ക്ഷയിച്ചിരിക്കുന്നു എന്ന് നിങ്ങൾ കാണുന്നില്ലെ! സമൂഹ ങ്ങൾ അവരെ നിന്ദ്യതയോടെയും ചുച്ഛത്തോടെയുമാണ് നോക്കു ന്നത്. (നൂറ് വർഷത്തിന് മുമ്പ് ഹ. മസീഹ് മൗഊദ്(അ)ന്റെ കാല ത്തുള്ള അതേ അവസ്ഥയാണ് ഇന്നും ഉള്ളത്. അതിനെക്കാളും മോശമായ അവസ്ഥയാണ്. മുസ്‌ലിംകളെ വെറുപ്പോടെയാണ് നോക്കുന്നത്. അവരുടെ തെറ്റായ പ്രവർത്തനം കാരണമാണിത്) പറയുന്നു. നിങ്ങളുടെ ആത്മീയവും മാനസികവുമായ ശക്തിയും ബലഹീനമായിക്കഴിഞ്ഞാൽ പിന്നെ സർവ്വനാശം എന്നല്ലാതെ മറ്റെന്തുപറയാൻ. (ഇക്കാലത്ത് വാഗ്ദത്ത മഹ്ദീ മസീഹിനെ അംഗീകരിച്ചവരുടെ ശക്തിയും ബലഹീനമായിക്കഴിഞ്ഞാൽ, നിങ്ങളും ഭൗതികതയിൽ മുഴുകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ദീനിനെ മറന്നുകളഞ്ഞിട്ടുണ്ടെങ്കിൽ നാശം തന്നെയായിരിക്കും ഫലം). പറ യുന്നു:- നിങ്ങളുടെ മനസ്സിനെ നിങ്ങൾ വിശുദ്ധീകരിക്കുക. അതിന് വിശുദ്ധീകരിക്കാനുള്ള ശക്തി കൈവരിക്കുമാറാകട്ടെ. അവ അതിർത്തിയിലെ കാവൽ സൈന്യത്തെ പോലെ ഉണർവ്വു ള്ളതും ജാഗരൂകരുമായിരിക്കട്ടെ. അല്ലാഹുവിന്റെ ഫള്‌ൽ എപ്പോഴും മുത്തഖീംങ്ങളുടെയും സ്വാതികരുടെയും കൂടെയാ യിരിക്കും. നിങ്ങളുടെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും ഇസ്‌ലാമിന് പോറലേൽക്കുന്ന രീതിയിൽ ആക്കാതിരിക്കുക. ദുർന്നടപ്പുകാരും ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തി ക്കാത്തവരുമായ മുസ്‌ലിംകൾ കാരണം ഇസ്‌ലാം കളങ്കപ്പെടുക യാണ്. ഏതെങ്കിലും മുസ്‌ലിം മദ്യപിക്കുകയും അതുമിതും പറഞ്ഞ് തെരുവിൽ നടക്കുകയും തലപ്പാവ് തോളിലിട്ട് ഓവുചാ ലിൽ വീഴുകയും അയാൾക്ക് പോലീസിന്റെ ഇടിയും തൊഴിയും ലഭിക്കുകയും ഇയാളെനോക്കി ഹിന്ദുക്കളും ക്രിസ്ത്യാനികളും എല്ലാം പരിഹസിച്ച് ചിരിക്കുകയും ചെയ്യുമ്പോൾ ശരീഅത്തിന് വിരുദ്ധമായ ഈ വ്യക്തിയുടെ പ്രവർത്തനം അയാളുടെ പരിഹാ സത്തിന് മാത്രമല്ല കാരണമാകുന്നത്. മറിച്ച് ഇതിന്റെ പ്രത്യാ ഘാതം ഇസ്‌ലാമിലാണ് ചെന്നുപതിക്കുന്നത്. കുറ്റകൃത്യം കാരണം ഇത്രമാത്രം മുസ്‌ലിംകൾ പിടിക്കപ്പെട്ടു എന്നും അതേ പോലെ ജയിലുകളിലേയും വാർത്തകൾ കാണുമ്പോൾ എനിക്ക് അതിയായ സങ്കടം വരുന്നു. നേരായ പാത ലഭിച്ച ഇക്കൂട്ടർപോലും തങ്ങളുടെ അതിക്രമപ്രവർത്തനങ്ങൾ കാരണം തങ്ങൾക്ക് നഷ്ടം വരുത്തുന്നതോടൊപ്പം ഇസ്‌ലാമിനെയും പരിഹാസത്തിന് പാത്രമാകുകയാണെന്നോർത്ത് എനിക്ക് അതീവ ദുഃഖം തോന്നാ റുണ്ട്. (ഈ അവസ്ഥ ഇന്നും കാണാം. പല മുസ്‌ലിംകളും ഈ നാട്ടിൽ വരുമ്പോഴും പ്രത്യേകിച്ച് വിമാനയാത്ര ചെയ്യുമ്പോൾ, മദ്യപാനത്തിന് സ്വാതന്ത്ര്യമുള്ള സ്ഥലങ്ങളിൽ പാക്കിസ്ഥാനിലേ ക്കുള്ള യാത്രയാണെങ്കിലും അറബ് നാട്ടിലേക്കുള്ള യാത്രയാ ണെങ്കിലും, ഇവരെല്ലാം അനിയന്ത്രിതമായാണ് മദ്യപിക്കുന്നത്. മാത്രമല്ല കൂടെയുള്ളവരെയും ശല്യം ചെയ്യുന്നുണ്ടാകും.)

പറയുന്നു: അതുകൊണ്ട് നിങ്ങളുടെ നടപ്പും ഇരിപ്പുമെല്ലാം നിങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഇസ്‌ലാമിനെ പരിഹസിക്കാൻ ശ്രമിക്കുന്ന തരത്തിലുള്ളതാക്കിത്തീർക്കാതിരിക്കുക.

യഥാർത്ഥ ധൈര്യശാലി ആരാണെന്ന് ഉപദേശിച്ചുകൊണ്ട് പറ യുന്നു. നമ്മുടെ ജമാഅത്തിൽ ഗുസ്തിക്കാരനെയും മല്ലനെയു മല്ല ആവശ്യം. എന്നാൽ തന്റെ സ്വഭാവത്തെ മാറ്റാൻ ശ്രമിക്കുന്ന ധീരനെയാണ് ആവശ്യം. പർവ്വതത്തെ അതിന്റെ സ്ഥാനത്ത് നിന്ന് മാറ്റുന്നവനല്ല മല്ലൻ. അല്ല, ഒരിക്കലുമല്ല. തന്റെ സ്വഭാവസംസ്ക്ക രണത്തിന്ന് കഴിവുള്ളവനാണ് യഥാർത്ഥ ധീരൻ. അതുകൊണ്ട് നിങ്ങളുടെ സർവ്വവിധ കഴിവുകളും ശക്തികളും സ്വഭാവ സംസ്ക്കരണത്തിനായി വിനിയോഗിക്കുക. കാരണം ഇതാണ് യഥാർത്ഥ ശക്തിയും ധീരതയും.

യഥാർത്ഥ വിശ്വാസവും സൽപ്രവർത്തനവും ശ്രദ്ധിക്കാനായി ഉപദേശിച്ചുകൊണ്ട് പറയുന്നു:

മറ്റു രണ്ട് കാര്യങ്ങൾകൂടിയുണ്ട്. ഇവശ്രദ്ധിക്കേണ്ടത് യഥാർത്ഥ ആത്മാർത്ഥതയുള്ളവരുടെ പ്രവർത്തിയാണ്. ഒന്ന് ശരിയായ വിശ്വാസം. അല്ലാഹു യഥാർത്ഥവും ശരിയായതുമായ അധ്യാപ നങ്ങൾ നമുക്ക് യാതൊരു പ്രയാസവും കൂടാതെ പ്രവാചകൻ (സ.അ) മുഖേന നമുക്ക് നൽകി എന്നത് അല്ലാഹുവിന്റെ വലിയ ഫള്‌ലാണ്. എല്ലാം ഒരധ്വാനവും കൂടാതെ നമുക്ക് ലഭിച്ചു. ഇക്കാ ലത്ത് നിങ്ങൾക്ക് കാണിച്ചുതന്നിരിക്കുന്ന മാർഗത്തിൽനിന്ന് പല പണ്ഡിതരും ഇപ്പോഴും അകലെയാണ്. അതുകൊണ്ട് അല്ലാഹു വിന്റെ ഈ അനുഗ്രഹത്തേയും കൃപയേയും ഓർത്ത് നന്ദിയുള്ള വരായിരിക്കുക. സത്യഹൃദയത്തോടുകൂടി സത്യവിശ്വാസത്തിന് ശേഷം വരുന്ന പ്രവർത്തനങ്ങളെ ചെയ്യുക. നിങ്ങളുടെ പ്രവർത്ത നങ്ങളെ മുൻനിറുത്തി ദുആ ചെയ്യുക. സത്യവിശ്വാസത്തിൽ ഉറ ച്ചിരിക്കാനും സദ്പ്രവർത്തികൾ ചെയ്യാനുള്ള ഭാഗ്യം ലഭിക്കാനും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. ഇബാദത്തുകളിൽ നോമ്പ് നമ സ്ക്കാരം സക്കാത്ത് പോലുള്ളവ ഉൾപ്പെടുന്നു. നമസ്ക്കാ രത്തെതന്നെ എടുക്കുക. ഇത് ഭൂമിയിൽ വന്നിട്ടുണ്ട്. എന്നാൽ ഇത് ഭൂമിയിൽ നിന്നല്ല വന്നത്. തിരുനബി(സ) പറയുകയുണ്ടായി. **ഖുർറത്ത ഐനീ ഫിസ്വലാത്ത്** നമസ്ക്കാരം ലോകത്തേക്ക് വന്നിരിക്കുന്നു. എന്നാൽ അത് ദുൻയാവിൽ നിന്നല്ല വന്നത്. ദുൻയാവിലുള്ള ആളുകളുടെതല്ല അത്. യഥാർത്ഥ വിശ്വാസി കൾക്ക് മാത്രമെ ഇതിന്റെ കടമകൾ നിർവ്വഹിക്കാൻ സാധിക്കു കയുള്ളൂ. പറയുന്നു: നമ്മുടെ ജമാഅത്തിലുള്ളവർ പരലോക ജീവിതം ഓർക്കേണ്ടതാണ്. നോക്കൂ! ലോകത്തിലെ സമൂഹ ത്തിന്റെ അവസ്ഥ എന്തായി. ഹൃദയം കഠിനമാണെങ്കിൽ തന്നെ അതിനെ കുറ്റപ്പെടുത്തിക്കൊണ്ട് ഭക്തിയുടെയും വിനയത്തി ന്റെയും പാഠം അതിനു നൽകാൻ ഓരോരുത്തരും ബാധ്യപ്പെട്ടി രിക്കുന്നു. (ഹൃദയം കാഠിന്യമുള്ളതാണെങ്കിൽ അതിനെ മൃദുല മാക്കാനായി അതിനെ കുറ്റപ്പെടുത്തുക. അല്ലാഹുവിലേക്ക് ശ്രദ്ധ തിരിയുന്നതിന്നായി പരിശ്രമിക്കുക. ഇബാദത്തിലേക്ക് കുനിയു ന്നതാക്കി മാറ്റുക. ഇതിനായി ഓരോരുത്തരും പരിശ്രമിക്കേണ്ട താണ്.) പറയുന്നു: നമ്മുടെ ജമാഅത്തിലുള്ളവർ ഇങ്ങനെചെ യ്യേണ്ടത് നിർബന്ധമാണ്. കാരണം അവർക്ക് പുതുതായി മഅ്രിഫത്ത് ലഭിച്ചിരിക്കുകയാണ്. മഅ്രിഫത്ത് ലഭിച്ചെന്ന് വാദി ക്കുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ ഇത് വെറും വാചകമടി മാത്രമായിത്തീരുന്നതാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്ത് മറ്റുള്ളവർ അശ്രദ്ധരായതുകൊണ്ട് സ്വയം അശ്രദ്ധരായിരിക്കരുത്. അവർ ദൈവസ്നേഹത്തിൽ പിന്നിലായ ത്കൊണ്ട് നിങ്ങളും പിന്നിലാകരുത്. മനുഷ്യൻ പല ആഗ്രഹ ങ്ങളും ഉള്ളിൽവെക്കുന്നു. എന്നാൽ പരോക്ഷ കാര്യങ്ങളെക്കു റിച്ചും വിധിയെക്കുറിച്ചും ആർക്കാണ് അറിവുള്ളത്. ആഗ്രഹമ നുസരിച്ച് ജീവിതം ഒരിക്കലും മുന്നോട്ട് പോകാറില്ല. ആശങ്കക ളുടെ ശൃംഖല ഒന്നുവേറെത്തന്നെയാണ്. ഇതേപോലെ ദൈവ

വിധിയുടെ വഴി മറ്റൊന്നും. ഈ വഴിയാണ് സത്യമായിട്ടുള്ളത്. മനുഷ്യന്റെ ജീവിത ചരിത്രം അല്ലാഹുവിന്റെ മുമ്പിൽ ശരിയായി എത്തുന്നുണ്ട്. അതിൽ എന്തെല്ലാമാണ് എഴുതിയിരിക്കുന്നത് എന്ന് അവനെന്തറിയാം. അതുകൊണ്ട് ഹൃദയത്തെ തട്ടിയുണർത്തിക്കൊണ്ട് അതിനെ ജാഗരൂഗമാക്കിവെക്കേണ്ടതാണ്. (നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ഓരോന്നും അല്ലാഹുവിന്റെ പക്കൽ കൃത്യമായി, ശരിയായി എത്തുന്നുണ്ട്. അവനിൽ നിന്നും മറഞ്ഞതായി ഒന്നും തന്നെയില്ല. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തെ തട്ടി ഉണർത്തിക്കൊണ്ടിരിക്കുക. അല്ലാഹുവിലേക്ക് അതിന്റെ ശ്രദ്ധതിരിച്ചു വിടുക. പറയുന്നു: തഖ്‌വയുടെ മാർഗം സ്വീകരിക്കുക. തഖ്‌വയുടെ മാർഗമാണ് യഥാർത്ഥത്തിൽ ശരീഅത്തിന്റെ രത്നച്ചുരുക്കം എന്നു പറയാവുന്നതാണ്. ശരീഅത്തിനെ ചുരുക്കിപ്പറയാൻ ഉദ്ദേശിച്ചാൽ ശരീഅത്തിന്റെ ചുരുക്കം എന്നത് തഖ്‌വ എന്നതു തന്നെയായിരിക്കാം. തഖ്‌വയുടെ പദവികൾ വിവിധങ്ങളാണ്. എന്നാൽ സത്യാന്വേഷിയായിക്കൊണ്ട് പ്രാഥമിക പടവുകളെ സ്ഥിരചിത്തതയോടും ധീരതയോടും തരണം ചെയ്യുകയാണെങ്കിൽ ഈ സത്യാന്വേഷണം കാരണം ഉന്നത പദവികൾ കരസ്ഥമാകുന്നതാണ്. അല്ലാഹു പറയുന്നു:

اِنَّمَا يَتَقَبَّلُ اللّٰهُ مِنَ الْمُتَّقِيْنَ അല്ലാഹു മുത്തഖികളുടെ ദുആ സ്വീകരിക്കുന്നു. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവന്റെ വാഗ്ദാനം ഒരിക്കലും ലംഘിക്കപ്പെടുകയില്ല. അവൻ പറയുന്നു.

اِنَّ اللّٰهَ لَا يُخْلِفُ الْمِيْعَادَ

ദുആ സ്വീകാര്യതയ്ക്കായി ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു നിബന്ധന തഖ്‌വയാകുന്നു. അതിനാൽ ഒരു വ്യക്തി അശ്രദ്ധനും അസാന്മാർഗികനുമായികൊണ്ട് ദുആ സ്വീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുകയാണെങ്കിൽ അവൻ വിഡ്ഢിയും അറിവില്ലാത്തവനുമല്ലെ. അതുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ളവർ കഴിവിന്റെ പരമാവധി ഓരോരുത്തരും തഖ്‌വയുടെ പാത സ്വീകരിക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങിനെ ദുആ സ്വീകാര്യതയുടെ മാധുര്യം അവർക്ക് നുകരാൻ സാധിക്കുന്നതാണ്. അതു വിശ്വാസവർദ്ധനവിന് കാരണമാകുകയും ചെയ്യുന്നതാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു. പലപ്പോഴായി അല്ലാഹുവിൽ നിന്ന് ഇപ്രകാരം ഇൽഹാം ഉണ്ടായി. നിങ്ങൾ മുത്തഖീങ്ങളായി ത്തീരുക. തഖ്‌വയുടെ സൂക്ഷ്മമായ മാർഗത്തിലൂടെ സംബന്ധിക്കുക. അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കും.

എന്റെ ജമാഅത്തിലുള്ളവർ ശരിയായ തഖ്‌വയും വിശുദ്ധിയും കൈവരിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടതെന്നോർത്ത് എന്റെ ഹൃദയം വേദനിക്കാറുണ്ട്. ഞാൻ വളരെ കൂടുതൽ ദുആ ചെയ്യാറുണ്ട്. ദുആ ചെയ്ത് ഞാൻ തളർന്നുപോകാറുണ്ട്. ചിലപ്പോൾ അവബോധാവസ്ഥയും ഇല്ലാതായിത്തീരുമോ എന്ന അവസ്ഥ വരെ എത്താറുണ്ട്. അല്ലാഹുവിന്റെ മുമ്പിൽ ഏതുവരെ ഒരു ജമാഅത്ത് മുത്തഖി ആയിത്തീരുന്നില്ലയോ അല്ലാഹുവിന്റെ സഹായം അവർക്ക് ലഭിക്കുന്നതല്ല. തഖ്‌വ എല്ലാ വേദഗ്രന്ഥങ്ങളുടെയും ചുരുക്കമാണ്. തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അധ്യാപനങ്ങളുടെയും ചുരുക്കം ഇതാണ്. വിശുദ്ധ ഖുർആൻ ഒരൊറ്റ വാക്കിൽ (തഖ്‌വ എന്നവാക്കിൽ) അല്ലാഹുവിന്റെ അതിമഹത്തായ ഇംഗിതവും തൃപ്തിയും എന്താണെന്ന് വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഒരു കാലത്ത് ജമാഅത്തിനോട് പ്രത്യേകമായി ഇപ്രകാരം ദുആ ചെയ്യാൻ അദ്ദേഹം ഉപദേശിക്കുകയുണ്ടായി.

رَبَّنَآ اٰتِنَا فِی الدُّنْيَا حَسَنَةً وَّ فِی الْاٰخِرَةِ حَسَنَةً وَّ قِنَا عَذَابَ النَّارِ

പറയുന്നു: തൗബ മനുഷ്യന് അധികമായതോ ആവശ്യമില്ലാത്തതോ ആയ കാര്യമല്ല. ഇതിന്റെ പ്രതികരണം ഖിയാമത്ത് നാളിൽ മാത്രമല്ല പ്രകടമാകുന്നത്. ഇതുമുഖേന ഇരുലോകവും മനുഷ്യന്റെത് ശരിയായിത്തീരുന്നതാണ്. ഈ ലോകത്തും പരലോകത്തും യഥാർത്ഥ സൗഖ്യവും സുഖവും ലഭിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു

رَبَّنَآ اٰتِنَا فِی الدُّنْيَا حَسَنَةً وَّ فِی الْاٰخِرَةِ حَسَنَةً وَّ قِنَا عَذَابَ النَّارِ

ഞങ്ങളുടെ നാഥാ! ഈ ലോകത്തും സുഖസൗകര്യങ്ങളുടെ വസ്തുക്കൾ നൽകേണമേ. വരാനിരിക്കുന്ന ലോകത്തും സുഖവും സൗഖ്യവും നൽകേണമേ. അഗ്നിയുടെ ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. ഇവിടെ റബ്ബനാ എന്ന വാക്കിൽ തൗബയിലേക്കാണ് സൂചന നൽകിയിരിക്കുന്നത്. റബ്ബനാ എന്നത് ലക്ഷ്യമാക്കുന്നത്, മുമ്പ് അവൻ പടച്ചുണ്ടാക്കിയ മറ്റു റബ്ബുകളെ കൈവിട്ടുകൊണ്ട് ഈ നാഥനിലേക്ക് വന്നിരിക്കുകയാണ്. ഈ വാക്ക് യഥാർത്ഥ വേദനയോടും ഉള്ളുരുക്കത്തോടും കൂടി മാത്രമെ മനുഷ്യന്റെ നാവിൽ വരികയുള്ളൂ. റബ്ബ് എന്നാൽ പടിപടിയായി പൂർണ്ണതയിൽ എത്തിക്കുന്നവൻ എന്നും പരിപാലിക്കുന്നവൻ എന്നുമാണ്. മനുഷ്യൻ യഥാർത്ഥത്തിൽ പല റബ്ബുകളെയും സ്വയം പടച്ചിട്ടുണ്ടാകും. തന്റെ കുതന്ത്രങ്ങളിലും പദ്ധതികളിലും അവൻ പൂർണ്ണമായും ആശ്രയിക്കുന്നു. അതാണ് അപ്പോൾ അവന്റെ റബ്ബ്. അറിവിലും അതല്ലെങ്കിൽ കായികബലത്തിലും ആശ്രയം കണ്ടെത്തുന്നെങ്കിൽ അതാണ് അവന്റെ റബ്ബ്. തന്റെ സൗന്ദര്യത്തിലും ധനത്തിലും സമ്പത്തിലും അഭിമാനം കൊള്ളുകയാണെങ്കിൽ അതായിരിക്കും അവന്റെ റബ്ബ്. ഇങ്ങനെയുള്ള ആയിരക്കണക്കിന് വസ്തുക്കൾ അവന്റെ കൂടെയുണ്ടാകും. ഇവയെല്ലാം ഉപേക്ഷിച്ച് അതിൽനിന്ന് വിട പറഞ്ഞ് ഏകനും പങ്കുകാരനില്ലാത്തവനുമായ യഥാർത്ഥ നാഥനിലേക്ക് തിരിയാത്തിടത്തോളം കാലം അവന്റെ മുമ്പിൽ നമ്രശിരസ്ക്കനാകുന്നില്ലെങ്കിൽ, ഹൃദയനൊമ്പരത്തോടെ റബ്ബനാ എന്ന് വിളിച്ചുകൊണ്ട് അവന്റെ സവിധത്തിൽ തന്നെ തെണ്ടമാക്കുകയും ചെയ്യുന്നില്ലെങ്കിൽ അവൻ യഥാർത്ഥ റബ്ബിനെ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഹൃദയമുരുക്കത്തോടും ഹൃദയ നൈർമല്ല്യത്തോടും തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് തൗബ ചെയ്യുകയും അവനെ റബ്ബനാ എന്ന് പറഞ്ഞു കൊണ്ട് സംബോധന ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നീയായിരുന്നു യഥാർത്ഥ നാഥനെന്നും ഞങ്ങൾ ഞങ്ങളുടെ തെറ്റുകാരണം മറ്റു സ്ഥലങ്ങളിൽ അലഞ്ഞുനടന്നുപോയെന്നും ഇപ്പോൾ ഞാൻ ആ വ്യാജ ബിംബങ്ങളെയെല്ലാം കൈവിട്ടിരിക്കുന്നു എന്നും സത്യഹൃദയത്തോടെ നിന്റെ റുബൂബിയ്യത്ത് അംഗീകരിച്ചുകൊണ്ട് അവന്റെ സന്നിധാനത്ത് വന്നിരിക്കുന്നു എന്നും പറഞ്ഞുകൊണ്ട് അവന്റെ സവിധത്തിൽ വരാതെ അല്ലാഹുവിനെ യഥാർത്ഥ റബ്ബാക്കി സ്വീകരിക്കാൻ പ്രയാസമാണ്.

മനുഷ്യന്റെ മനസ്സിൽനിന്ന് മറ്റു റബ്ബുകളും അതിനോടുള്ള മഹത്വങ്ങളും നീങ്ങിപോകുന്നില്ലെങ്കിൽ യഥാർത്ഥ റബ്ബും അവനുള്ള സ്ഥാനവും സ്ഥിരപ്രതിഷ്ഠ നേടുന്നതല്ല.

ചിലർ കളവിനെ തന്റെ റബ്ബാക്കിവെച്ചിരിക്കും. കളവ് പറയാതെ രക്ഷപ്പെടാൻ സാധിക്കില്ലെന്ന് അവർ കരുതുന്നു. ചിലർ മോഷണത്തേയും പിടിച്ചു പറിയേയും കൊള്ളയെയും തന്റെ റബ്ബാക്കി വെക്കുന്നു. അതിലൂടെയല്ലാതെ തങ്ങളുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ മറ്റൊരു വഴിയുമില്ലെന്ന് അവർ കരുതുന്നു. അപ്പോൾ അവരുടെ റബ്ബുകൾ ഇവയെല്ലാമായിരിക്കും. ഒരു മോഷ്ടാവ് കൊള്ളയടിക്കുന്നു എല്ലാ വസ്തുക്കളും അവന്റെ കൈവശമുണ്ടായിരിക്കുകയും രാത്രി അവന് സമയം ലഭിക്കുകയും അതോടൊപ്പം കാവൽക്കാരൊന്നും ഉണർന്നിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഇങ്ങനെയുള്ള അവസരത്തിൽ തന്റെ ജീവിതവിഭവസമാഹരണത്തിന് മോഷണമല്ലാതെ മറ്റെന്തെങ്കിലും അവന്റെ ചിന്തയിൽ വരുമോ? അവന്റെ ആയുധങ്ങളെയായിരിക്കും അവന്റെ നാഥനായി അവൻ കരുതുക. ചുരുക്കത്തിൽ തങ്ങളുടെ പദ്ധതികളിലും കുതന്ത്രങ്ങളിലും ആശ്രയം കണ്ടെത്തുന്നവർക്ക്

അല്ലാഹുവിനോട് സഹായം തേടേണ്ട, പ്രാർത്ഥിക്കേണ്ട ആവശ്യം തന്നെ എന്തിരിക്കുന്നു. എല്ലാ വഴികളും അടഞ്ഞ വ്യക്തിക്കാണ് ദുആയുടെ ആവശ്യമുണ്ടാകുക. അല്ലാഹുവിന്റെ സന്നിധാനമല്ലാതെ മറ്റൊരു വഴിയും അവനുണ്ടാകുകയില്ല. അപ്പോഴാണ് ഹൃദയാന്തരാളങ്ങളിൽ നിന്നും ഈ ദുആ പുറപ്പെടുന്നത്. ചുരുക്കത്തിൽ رَبَّنَآ اٰتِنَا فِی الدُّنۡیَا حَسَنَۃً وَّ فِی الۡاٰخِرَۃِ حَسَنَۃً وَّ قِنَا عَذَابَ النَّارِ എന്ന ദുആ ചെയ്യുക അല്ലാഹുവിനെതന്നെ തന്റെ റബ്ബായി മനസ്സിലാക്കിയവർ മാത്രമാണ്. അവരുടെ യഥാർത്ഥ റബ്ബിന്റെ മുമ്പിൽ അവരുടെ പൊയ്ദൈവങ്ങളെല്ലാം നിഷ്പ്രഭമാണെന്ന് അവർ ശരിക്കും മനസ്സിലാക്കിയിരിക്കും.

തീ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഖിയാമത്തിൽ വെളിപ്പെടുന്ന തീ മാത്രമല്ല. ലോകത്ത് ഒരു ദീർഘായുസ് ലഭിക്കുന്ന വ്യക്തിക്ക് ആയിരക്കണക്കിന് തീ ഈ ലോകത്തുണ്ടെന്ന് അവന് കാണാൻ സാധിക്കുന്നതാണ്. അനുഭവസ്ഥർക്കറിയാം, ലോകത്ത് വിവിധങ്ങളായ തീകളുണ്ടെന്ന്. വിവിധങ്ങളായ ശിക്ഷകൾ, ഭയം, പട്ടിണിയും പരിവട്ടവും, രോഗങ്ങൾ, പരാജയങ്ങൾ, നിന്ദ്യതയും വിപത്തുകളും, ആയിരക്കണക്കിന് ദുഃഖങ്ങൾ, കുട്ടികളും ഇണകളും മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, കുടുംബബന്ധുക്കളുമായുള്ള പ്രശ്നങ്ങൾ. ചുരുക്കത്തിൽ ഇവയെല്ലാം തീയാണ്. ഈ എല്ലാതരം തീയിൽ നിന്നും രക്ഷിക്കാനാണ് ഒരു വിശ്വാസി പ്രാർത്ഥിക്കുന്നത്. നിന്റെ കോന്തല ഞങ്ങൾ പിടിച്ചിരിക്കുന്നു. മനുഷ്യജീവിതത്തെ വിഷമാവസ്ഥയിലാക്കുന്ന ഈ എല്ലാ ദുർഘടാവസ്ഥയിൽ നിന്നും ഈ എല്ലാ തീയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

പറയുന്നു: യഥാർത്ഥ അഹ്മദികളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം ഇതിനെകുറിച്ച് മുമ്പും പരാമർശിച്ചു കഴിഞ്ഞു. പറയുന്നു: വിശ്വാസികളെക്കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനം. വിശദവിവരം ഇപ്രകാരമാണ്.

وَجَاعِلُ الَّذِیۡنَ اتَّبَعُوۡکَ فَوۡقَ الَّذِیۡنَ کَفَرُوۡۤا اِلٰی یَوۡمِ الۡقِیٰمَۃِ

നസ്‌റേത്തിൽ ജനിച്ച ഇബ്നു മർയമിനോടാണ് ഈ വാഗ്ദാനം ഉണ്ടായിരുന്നത്. എന്നാൽ ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുന്നു. യസൂഹ് മസീഹിന്റെ നാമത്തിൽ വരുന്ന ഇബ്നു മറിയമിനും അല്ലാഹു ഇതേ വാക്കുകളിൽ തന്നെ സുവാർത്ത നൽകിയിരിക്കുന്നു. മസീഹ് മൗഊദായി വന്നിരിക്കുന്ന എനിക്കും അല്ലാഹു ഈ സുവാർത്ത നൽകിയിരിക്കുന്നു. അതുകൊണ്ട് എന്നോടൊപ്പം ബന്ധം സ്ഥിപിച്ചുകൊണ്ട് ഈ മഹത്തായ വാഗ്ദാനത്തിലും സുവാർത്തയിലും നിങ്ങളും പങ്കാളികളാകാൻ ആഗ്രഹിക്കുന്നുവോ? അമ്മാറയുടെ അവസ്ഥയിലുള്ളവരായിരിക്കുമോ ഈ പദവിയിലെത്തുന്നവർ? ദുർനടപ്പിലും ഹീനകൃത്യങ്ങളിലും മുഴുകിയവരായിരിക്കുമോ അവർ? അല്ല. ഒരിക്കലുമല്ല. അല്ലാഹുവിന്റെ ഈ വാഗ്ദാനങ്ങളെ യഥാർത്ഥ രീതിയിൽ വിലമതിക്കുന്നവരും എന്റെ കാര്യങ്ങളെ കളിതമാശയാക്കി ഗണിക്കാത്തവരും ഓർത്തിരിക്കുകയും ആത്മാർത്ഥമായി കേൾക്കുകയും ചെയ്യുക, എന്നോടൊപ്പം ബന്ധംസ്ഥാപിച്ചവരോട് ഒരാവർത്തികൂടി ഞാൻ പറയുകയാണ്. നിങ്ങളുടെ ബന്ധം സാധാരണ ബന്ധമല്ല. വളരെ മഹത്തരമായ ബന്ധമാണ്. ഈ ബന്ധം എന്റെ വ്യക്തിത്വവുമായി മാത്രം ബന്ധപ്പെട്ടതല്ല, മറിച്ച് എന്നെ പരിപൂർണ്ണനായ ആ വ്യക്തിയിൽ വരെ എത്തിച്ച ആ അസ്ഥിത്വം വരെ എത്തുന്നതാണ്. ആ പരിപൂർണ്ണ അസ്ഥിത്വം ലോകത്ത് സത്യത്തിന്റെ ആത്മാവുമായി വന്നു. ഈ കാര്യങ്ങളുടെ സ്വാധീനം എന്റെ വ്യക്തിത്വവുമായി മാത്രം ബന്ധപ്പെട്ടതായിരുന്നെങ്കിൽ എനിക്ക് ഒരു ഭയവും ഉണ്ടായിരുന്നില്ല. ഇവരെ വകവെക്കുകയും ചെയ്യുമായിരുന്നില്ല. ഇവിടെ മാത്രം ഇത് അവസാനിക്കുന്നില്ല. ഇതിന്റെ സ്വാധീനം നമ്മുടെ പ്രവാചകൻ (സ) വരെയും അല്ലാഹുവിന്റെ അസ്ഥിത്വം വരെയും എത്തുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ നിങ്ങൾ കാര്യങ്ങൾ ശരിക്കും ഗ്രഹിച്ചുവെക്കുക. ഈ സുവാർത്തയിൽ നിങ്ങൾ ഭാഗവാക്കാകുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിൽ പങ്കാളികളാകണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഖിയാമത്ത് നാൾവരെ നിഷേധികളുടെമേൽ വിജയിക്കും എന്ന അവസ്ഥ കൈവരിക്കാനുള്ള യഥാർത്ഥ ദാഹം നിങ്ങൾക്കുണ്ടെങ്കിൽ എനിക്ക് ഇത്രമാത്രമേ പറയാനുള്ളു. ഈ വിജയം കരഗതമാകണമെങ്കിൽ ലവ്വാമയുടെ അവസ്ഥ കൈവിട്ട് മുത്‌മഇന്നായുടെ ഗോപുരം വരെ എത്തേണ്ടിയിരിക്കുന്നു. ഇതല്ലാതെ മറ്റൊന്നും എനിക്ക് പറയാനില്ല. നിങ്ങൾ അല്ലാഹുവിനാൽ നിയോഗിതനായ ഒരു വ്യക്തിയുമായാണ് ബന്ധപ്പെട്ടുനിൽക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ ഉൾചെവികൊണ്ട് കേൾക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ മനസാവാചാകർമ്മണാ തയ്യാറാകുക. അംഗീകരിച്ചതിനുശേഷം നിഷേധികളിൽ ഉൾപ്പെട്ട് നിത്യനാശത്തിൽ പതിച്ചവരിൽ നിങ്ങൾ ഉൾപ്പെടാതിരിക്കട്ടെ. ഹ. മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന് നൽകിയിരിക്കുന്ന ഉപദേശങ്ങളിൽ ചിലതാണിത്. ഹ. മസീഹ് മൗഊദ്(അ) ൽ നിന്നും നേരിട്ട് അനുഗ്രഹം കരസ്ഥമാക്കിയവർ അനുഗ്രഹീതരാണ്. ഈ കാര്യങ്ങൾ അവർ കേട്ടു. ഈ കാര്യങ്ങൾ ലഭിച്ച നാം അനുഗ്രഹീതരാണ്. നമുക്ക് ഈ കാര്യങ്ങൾ എത്തിച്ചുതന്നവരോട് നാം കൃതജ്ഞതയുള്ളവരായിരിക്കണം. ഇതുമുഖേന ബൈഅത്തിന്റെ പൊരുൾ അറിയാൻ നമുക്ക് കഴിഞ്ഞു. നന്മ ചെയ്യുന്നവരിലും നന്മയുടെ ആത്മാവ് മനസ്സിലാക്കി അത് പ്രചരിപ്പിക്കുന്നവരിലും നാം ഉൾപ്പെടുകയുണ്ടായി. നന്മ സ്വായത്തമാക്കുന്നതിൽ മുന്നേറാൻ ശ്രമിക്കുന്നവരിൽ നാം ഉൾപ്പെടുകയുണ്ടായി. നമ്മെ തഖ്‌വയുടെ മാർഗത്തിൽ ഇക്കാലത്ത് ഹ. മസീഹ് മൗഊദ്(അ) ആണ് ചരിപ്പിച്ചത്. അതിന്റെ ജ്ഞാനം നമുക്ക് പകർന്നുതരികയും ചെയ്തു. അതുകൊണ്ട് അല്ലാഹുവിന് കൃതജ്ഞതയുള്ളവരായി മാറി തഖ്‌വയിൽ പദമൂന്നുന്നവരായി മാറേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകട്ടെ.

ജുമുആക്ക് ശേഷം ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. ആദ്യം റബ്‌വയിൽതന്നെ പ്രവർത്തിച്ചുകൊണ്ടിരുന്ന മുറബ്ബി സിൽസില ശൈഖ് മുഹമ്മദ് നഈം അഹ്മദ് സാഹിബിന്റെതാണ്. മുഹമ്മദ് അസ്‌ലം സാഹിബാണ് പിതാവ്. ദുൻയാപൂർ നിവാസിയാണ്. ശുഅബ തർത്തീബെ റെക്കോർഡിൽ (അഞ്ചുമന്റെ റിക്കാർഡുകൾ സൂക്ഷിക്കുന്ന വകുപ്പ്) ഇതിൽ പ്രവർത്തിക്കുകയായിരുന്നു. ഓഫീസിൽ വന്ന് ജോലിചെയ്യുമ്പോൾ ഹാർട്ടറ്റാക്കുണ്ടായി. ബോധരഹിതനായി വീണു, ഹോസ്പിറ്റലിൽ കൊണ്ടുപോയി. ഡോക്ടർമാർ ശ്രമിച്ചുനോക്കിയെങ്കിലും അദ്ദേഹം രക്ഷപ്പെട്ടില്ല. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ 52 വയസ്സായിരുന്നു. നല്ല പ്രസരിപ്പുള്ള വ്യക്തിത്വമായിരുന്നു. ജനപ്രിയനുമായിരുന്നു. കഠിനാധ്വാനിയായിരുന്നു. 18-ാം വയസ്സിൽ വസിയ്യത്ത് ചെയ്തിരുന്നു. സെറാലിയോണിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാക്കിസ്ഥാനിലെ വിവിധ ജില്ലകളിൽ മുറബ്ബിയായി പ്രവർത്തിച്ചിരുന്നു. ഇതുവരെ ശുഅ്ബയെ തർത്തീബെ റികോർഡിൽ പ്രവർത്തിച്ചുവരികയായിരുന്നു. തന്റെ ജോലി വളരെ ഭംഗിയായി നിർവ്വഹിച്ചുവരികയായിരുന്നു. മൗലവി റശീദ് അഹ്മദ് സാഹിബ് ചൊഗ്ത്തായി മർഹൂം മുബല്ലീഗ് സിൽസിലയുടെ മരുമകനായിരുന്നു. ഇദ്ദേഹത്തിന് മക്കളൊന്നുമില്ല. വളർത്തു പുത്രിയുണ്ട്. ഭാര്യയും. ഇവർക്ക് അല്ലാഹു ക്ഷമ പ്രദാനം ചെയ്യട്ടെ. ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, അഹ്സൻ കമാൽ സാഹിബിന്റെതാണ്. സഫർ ഇഹ്സാൻ സാഹിബാണ് പിതാവ്. ഹൽകാ സദർ കറാച്ചി. സ്വദേശം പഞ്ചാബിലെ ജില്ല ലയ്യയാണ്. മുതുമുത്തച്ചൻ അഹ്മദിയായി. ഹ. മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്ത് ചെയ്തിരുന്നു. ഉപ്പാപ്പ

ഖലീഫത്തുൽ മസീഹ് റാബിഉമായി അടുത്തബന്ധം പുലർത്തിയിരുന്നു. ഇവരുടെ മാതാവ് സദർ ഹൽഖയാണ്. ലജ്നയുടെ ജോലി നിർവ്വഹിച്ചുവരുന്നു. കറാച്ചിയിലെ മഹ്മൂദാബാദിലായിരുന്നു. അവിടെ ജമാഅത്തിന് ശക്തമായ എതിർപ്പ് നേരിടേണ്ടിവരുന്നു. മൂന്ന് ശഹാദത്തുകൾ അവിടെ നേരത്തെ നടന്നിട്ടുണ്ട്. ഒരു കമ്പനിയിൽ ജോലിചെയ്യുകയായിരുന്നു.

ജനുവരി 18 ന് ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു 4.30 ന് രണ്ട് അപരിചിതർ ബൈക്കിൽ വന്നു. ഇദ്ദേഹത്തിൽനിന്നും മൊബൈൽ തട്ടിയെടുക്കാൻ ശ്രമിച്ചു. അത് തടഞ്ഞപ്പോൾ ഉടനെ വെടി ഉതിർത്തു. സംഭവസ്ഥലത്തുവെച്ചുതന്നെ ശഹീദായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ജമാഅത്തീ ശഹാദത്തല്ലെങ്കിൽ തന്നെയും അഹ്മദിയായ കാരണത്താൽ മൊബൈൽ തട്ടിപ്പറിക്കുക എന്നത് ഒരു അടവ് പ്രയോഗിച്ചതായാണ് മനസ്സിലാകുന്നത്. ജമാഅത്തിന്റെ പേരിൽ ശഹീദാക്കുക എന്നത് തന്നെയായിരുന്നു ഉദ്ദേശ്യമെന്ന് തോന്നുന്നു. ഏതായിരുന്നാലും ജോലി ചെയ്യുന്ന സ്ഥലം സംരക്ഷിക്കാനായും അദ്ദേഹം തന്റെ ജീവൻ നൽകി. ഇതും ശഹാദത്താണ്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. വയസ്സ് 30 ആണ്.

മൂന്നാമത്തെ ജനാസ ഇർഫാൻ അഹ്മദ് സാഹിബ് ജില്ലാ ഹാഫിസാബാദ് ജനുവരി 9 നാണ് വഫാത്തായത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ മൗലവി ഫള്ലുദ്ദീൻ സാഹിബ്(റ) സഹാബി ഹ. മസീഹ് മൗഊദ് (അ)ന്റെ മകനായിരുന്നു. പാകിസ്ഥാൻ രൂപീകരിച്ചതിനുശേഷം ഫുർഖാൻ ഫോഴ്സിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മൂസിയായിരുന്നു. ഖിലാഫത്തിനോടും ജമാഅത്തിനോടും നല്ല സഹകരണമായിരുന്നു. ഭാര്യയും അഞ്ച് ആൺമക്കളും അഞ്ച് പെൺമക്കളും ഉണ്ട്. മകൻ റിസ്‌വാൻ അഹ്മദ് ശാഹിദ് സാഹിബ് മുറബ്ബിയാണ്. ഇപ്പോൾ ഐവറിക്കോസ്റ്റിലാണ് സേവനമനുഷ്ഠിക്കുന്നത്. അവിടെ ആയതു കാരണം ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ജനാസയും അനുഷ്ഠിക്കുന്നതാണ്. മൂവ്വരുടെയും ജനാസ നമസ്കരിക്കുന്നതാണ്. അല്ലാഹു എല്ലാവരോടും മഗ്ഫിറത്തും കരുണയും ചൊരിയട്ടെ. ഇവരുടെ ബന്ധുമിത്രാതികൾക്ക് ക്ഷമയും സഹനവും നൽകുകയും ചെയ്യുമാറാകട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 January 20 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Rahmath Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**